# ജാമക്കാരൻ
# JAMAKKARAN

VOLUME - 7 Reg NO.TNBIL/2016/70171 ISSUE - 6
JUNE - 2023 TAMIL & MALAYALAM
ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21)
പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല - ത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com
Mob.: No. 9894261333



കർത്താവിൽ പ്രിയരെ,

യേശു ക്രിസ്തുവിൽ നാമത്തിൽ സ്നേഹ വന്ദനം.

മെയ് മാസത്തിലെ ജാമക്കാരൻ വായിച്ച പല വായനക്കാർക്കും വളരെ സങ്കടം തോന്നും. അതെനിക്കറിയാം. യേശുവിളിക്കുന്നു ശുശ്രൂഷയിലും, കുടുംബത്തിലും, ഇതുവരെ ആത്മീയമായ മാറ്റമൊന്നും സംഭവിച്ചില്ല. ഇപ്പോഴും അവരുടെ കുടുംബം മുഴുവനും വചനത്തെ വിട്ട് വഴി മാറി പൊയ്ക്കൊണ്ടിരിക്കുന്നു. കള്ളത്തരത്തിന്റെ അപ്പൻ എന്നു വിളിക്കുന്ന പിശാചിന്റെ വഴിക്കു മറ്റു ദൈവവേലക്കാരെയും ഇവർ കൊണ്ടുപോകാൻ കാരണക്കാരായി രിക്കുന്നു. പുതിയ ദൈവവേലക്കാർ അവരെ കാണുകയും പിന്തുടരുകയും ചെയ്താൽ കള്ളം പാപമായി കണക്കാക്കുന്നില്ല. അവരെ പിൻതുടരുന്ന മിക്ക ക്രിസ്ത്യാനികളും വേദപുസ്തകം വായിക്കാത്തതു കാരണം

നരകത്തിലേക്ക് പോകുകയും ചെയ്യും. പുതുതലമുറ ക്രിസ്ത്യാനികൾ എങ്കിലും ഇവരുടെ കാപട്യത്തെ ആകർഷിക്കുന്ന വാക്കുകളെയും വിശ്വസിച്ച് വഞ്ചിതരാകതിരിക്കാൻ വേണ്ടിയാണ് വീണ്ടും, ഈ പ്രാവശ്യം യേശു വിളിക്കുന്ന സ്ഥാപനം എങ്ങനെയാണ് പിശാചിന്റെ പിടിയിൽ വീണത് എന്നു ഞാൻ എഴുതുന്നു. ഗവൺമെന്റ് അന്വേഷണത്തിൽ അകപ്പെട്ട്, വഴിപാടുകളായി അയച്ച പണം എങ്ങനെയാണ് സ്വർണ്ണക്കട്ടികളായും, കണക്കിൽ കാണിക്കാത്ത കള്ളപ്പണം കെട്ടുകളായി ഒളിച്ചുവച്ചു എന്നുമുള്ളത് ക്രിസ്ത്യാനികൾ അറിയാൻ വേണ്ടി ഞാൻ എഴുതി. ഇവരുടെ പ്രവൃത്തികൊണ്ട് ക്രിസ്തുവിന്റെ സാക്ഷി നഷ്ടപ്പെട്ടു. ഇത് പുതിയ തലമുറ ക്രിസ്ത്യാനികൾക്ക് അറിയില്ല. അതുകൊണ്ട് ഞാൻ വീണ്ടും വീണ്ടും എഴുതി കൊണ്ടിരിക്കുന്നു. ഞാൻ ഇവരെക്കുറിച്ച് എഴുതിയതിൽ കള്ളം ഉണ്ടെങ്കിൽ എനിക്ക് എഴുതി അറിയിക്കണം.


ഞാൻ ഇതുവരെ എഴുതിയത് വിശ്വസിക്കുന്നവർ അത് വിശ്വസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഞാൻ എഴുതിയത് വിശ്വസിക്കാത്തവരെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. പോൾ ദിനകരന്റെ ഞാൻ എഴുതാത്ത പല രഹസ്യങ്ങളും ഓടിപ്പോയ മൂത്ത മകൾ ഉള്ളിൽ സൂക്ഷിച്ചിട്ടുണ്ട്. അത് ഒരു ദിവസം പോൾ ദിനകരന്റെ മൂത്ത മകൾ വഴി വരും. ഈ വിഷയത്തെ ഇതൊടെ അവസാനിപ്പിക്കുന്നു.

സഹോ. ആർ. സ്റ്റാൻലി (BYM) അവർകളുടെ ഏപ്രിൽ മാസം ജാമക്കാരനിൽ എഴുതിയ അദ്ദേഹത്തിന്റെ അനുഭവം പലരെ സ്പർശിച്ചിരിക്കുന്നു എന്ന വിവരം അറിഞ്ഞ് ഞാൻ ദൈവത്തെ സ്തുതിക്കുന്നു. അതുകൊണ്ട് മെയ്മാസ ജാമക്കാരനിൽ മനസ്സിലാക്കുവാൻ പ്രയാസമുള്ള വേദപുസ്തക ചോദ്യങ്ങൾക്ക് അദ്ദേഹം നല്ല ഉത്തരം എഴുതിയത് ചേർക്കുന്നു. വേദവചന തെളിവോടെ സഹോ. സ്റ്റാൻലി ഉത്തരം എഴുതിയിരിക്കുന്നത് വായനക്കാരുടെ ആത്മീയവളർച്ചക്ക് പ്രയോജനപ്പെടും എന്നുള്ളതിൽ സംശയമില്ല.

ഇനി ഈ മാസത്തിലെ ധ്യാന വിഷയത്തിലേക്ക് നമുക്ക് കടക്കാം. നിങ്ങൾ എല്ലാപേർക്കും വേണ്ടി തുർന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

**ഡോ. പുഷ്പരാജ്**

# BYM ന്റെ സ്ഥാപകൻ ആർ. സ്റ്റാൻലിയുടെ ഉത്തരങ്ങൾ



**ദശാംശം നിർബന്ധമാണോ?**

നന്ദിയില്ലാത്ത ഹൃദയത്തിന്റെ ചോദ്യമാണത്. ദൈവം നമ്മുടെ മേൽ വർഷിച്ച അനുഗ്രഹങ്ങൾക്ക് പത്തിലൊന്നിൽ താഴെ നന്ദിയും മഹത്വവും നൽകാൻ നമുക്ക് കഴിയുമോ?

ദശാംശ പ്രമാണം ഇല്ലാതിരുന്നപ്പോൾ

അബ്രഹാം ദശാംശം നൽകി (ഉല്പത്തി 14:20). നന്ദി നിറഞ്ഞു.,അവനായിട്ടുതന്നെ അങ്ങനെ ചെയ്തു. അതുപോലെ, ദൈവം എനിക്ക് തരുന്ന എല്ലാറ്റിന്റെയും ദശാംശം കൊടുക്കുമെന്ന് യാക്കോബും താനായി പറഞ്ഞുകൊണ്ട് വാഗ്ദത്തം ചെയ്തു (ഉല്പത്തി 28: 22).

ഇസ്രായേൽ ഒരു രാജ്യമായപ്പോൾ, ആ പ്രവൃത്തി ദൈവജനത്തോടുള്ള ദൈവത്തിന്റെ നിയമമായി മാറി. വിത്തിന്റെയും വൃക്ഷങ്ങളുടെ ഫലങ്ങളുടെയും ദശാംശം എല്ലാം കർത്താവിന്റേതാണ്, അവ കർത്താവിന് വിശുദ്ധമാണ് (ലേവ്യപുസ്തകം 27: 30).

വേദശാസ്ത്രിമാരും പരീശന്മാരും തുളസി, ചതകുപ്പ, ജീരകം എന്നിവയിൽ ദശാംശം നൽകുകയും ന്യായവും കരുണയും വിശ്വസ്തതയും ഉപേക്ഷിച്ചു. അതുകൊണ്ടാണ് യേശു അവരെ സ്നേഹത്തിന്റെ ആത്മാവോടെ ദശാംശം നൽകാൻ പഠിപ്പിച്ചത് (മത്തായി 23:23).

ക്രിസ്തുവിന്റെ മരണശേഷം മാത്രമേ പുതിയ ഉടമ്പടി പ്രാബല്യത്തിൽ വരികയുള്ളൂ (മത്തായി 26:28). അതിൽ ദശാംശം സംബന്ധിച്ച നിയമമില്ല. പുതിയ ഉടമ്പടി ശ്രേഷ്ഠമായ ഉടമ്പടി ആകയാൽ കൊടുക്കുന്നതിനെക്കുറിച്ച് ഉന്നതമായ രീതികൾ പഠിപ്പിച്ചിട്ടുണ്ട്. ഉത്സാഹത്തോടെ കൊടുക്കൽ (2 കൊരി. 9:7), ധാരാളമായി കൊടുക്കൽ (2 കൊരി8:2), ത്യാഗമായി കൊടുക്കൽ (2 കൊരി. 8:3). അതുകൊണ്ട് ദശാംശം ഇന്ന് നമുക്ക് ഒരു തുടക്കകാലഘട്ടമായിരിക്കാം, പക്ഷേ അതിൽ നാം നമ്മെ ബാധിക്കുന്നതുവരെ നാം കൊടുത്തുകൊണ്ടിരിക്കണം. നമ്മെ ബാധിക്കാത്ത ഒരു വഴിപാട് വിലയില്ലാത്ത ഒരു വഴിപാട് (കാണിക്ക) ആയിരിക്കും (2 ശാമു. 24:24).

വിധവ തനിക്കുള്ളതെല്ലാം കൊടുത്തു. മറിയ താൻ കൂട്ടിവെച്ചതെല്ലാം ഒഴിച്ചു. യേശു രണ്ടുപേരെയും പുകഴ്ത്തി. പത്തിലൊന്നിൽ നിന്ന് പത്തിൽ പത്തിലേയ്ക്ക് പോകുന്നത് ക്രിസ്തീയ ജീവിത വളർച്ചയുടെ ഒരു വശമാണ് (2 കൊരി. 8:7).

ദൈവത്തിന് പത്തിലൊന്ന് പോലും കൊടുക്കാത്തവനെ കള്ളൻ എന്ന് ബൈബിൾ വിളിക്കുന്നു. (മലാ.3:8).

## ദശാംശം ആർക്കാണ്

പഴയ ഉടമ്പടി പ്രകാരം യഹൂദർക്കുള്ള നിയമത്തിൽ ദശാംശം ഒരു കൽപ്പനയായി നിശ്ചയിച്ചു. എന്നാൽ ക്രിസ്തുവിന്റെ മരണശേഷം വന്ന പുതിയ ഉടമ്പടി (1 കൊരി. 11:25), (എബ്രാ.9:16,17) പ്രമാണമായി ദശാംശം നൽകാൻ ക്രിസ്ത്യാനിയെ പഠിപ്പിച്ചില്ല. കൊടുക്കലിനെ കുറിച്ച് എഴുതുമ്പോൾ, തീക്ഷ്ണതയുള്ള ഒരു യഹൂദനായ പൗലോസ് ഒരിക്കൽ പോലും ദശാംശത്തെ കുറിച്ച് പരാമർശിച്ചിട്ടില്ല. നേരെമറിച്ച് ഉത്സാഹത്തോടെ, ഉദാരമായി ത്യാഗപൂർവ്വം നൽകാൻ നമ്മെ പഠിപ്പിക്കുന്നു. (2 കൊരി. 3:9, 6:7, 8:2) പുതിയ ഉടമ്പടിക്ക് കൊടുക്കുന്നതിനെക്കുറിച്ച് ഒരു പ്രമാണം ഇല്ല, അതിനാൽ എവിടെ നൽകണം എന്നതിനെക്കുറിച്ച് നിയമങ്ങളില്ല. എന്നാൽ താഴെ പറയുന്ന ഉപദേശങ്ങൾ വേദാട്ടിസ്ഥാനത്തിൽ സംഗ്രഹിക്കാം.

നമ്മെ തിരുവെഴുത്തുകൾ പഠിപ്പിക്കുന്നവരെ താങ്ങുക എന്നതാണ് നമ്മുടെ ആദ്യത്തെ ഉത്തരവാദിത്വം. പ്രസംഗ ശുശ്രൂഷ നന്നായി ചെയ്യുന്നവർക്ക് ഇരട്ടി മാനം നൽകണം. (1 തിമോത്തി 5:17,18). പ്രസംഗപീഠത്തിൽ നിന്ന്, പുസ്തകങ്ങൾ, മാസികകൾ, ഓഡിയോ, സിഡികൾ, റേഡിയോ, ടെലിവിഷൻ മുതലായവയിലൂടെയും പ്രാദേശിക ഇടയന്മാരിലൂടെയും മറ്റു ദൈവവേലക്കാരിലൂടെയും ദൈവവചനം നമ്മിലേക്ക് വരുന്നു. ആത്മീയ അനുഗ്രഹങ്ങളുടെ പ്രതീകമായ അപ്പവും വീഞ്ഞും കൊണ്ടുവന്ന മൽക്കീസേദിക്കിന് അബ്രഹാം ദശാംശം നൽകുന്നു. (ഉല്പത്തി 14:18–20). ആത്മീയ നന്മകൾ വിതയ്ക്കുന്ന ആർക്കും നമ്മുടെ സാമ്പത്തിക നന്മകൾ കൊയ്യാൻ അവകാശമുണ്ട്. (1 കൊരി. 9:1).

അടുത്തതായി, അക്രൈസ്തവരോട് സുവിശേഷം പ്രസംഗിക്കുന്നവരെ പിന്തുണയ്ക്കണം. അത് കർത്താവിന്റെ നിയമമാണ് (1 കൊരി. 9:14). മിഷനറിയായ എബ്രായ ലേഖന കർത്താവ് തന്റെ സമ്പത്ത് കൊള്ളയടിക്കാൻ അനുവദിച്ച വിശ്വാസികളെ വളരെയധികം പ്രശംസിച്ചു (എബ്രാ. 10:34). മിഷനറി പ്രവർത്തനങ്ങൾ പലപ്പോഴും ജാതികൾക്കിടയിൽ നടക്കുന്നു. അതിനാൽ ദൈവവേലക്കാർക്ക് അവരിൽ നിന്ന് വലിയ സഹായം പ്രതീക്ഷിക്കാൻ കഴിയില്ല (3 യോഹന്നാൻ 7,8) പുതിയ സ്ഥലങ്ങളിലെ മിഷനറി പ്രവർത്തനം അതിന്റെ സ്വഭാവമനുസരിച്ച് ചെലവേറിയതാണ്.

മൂന്നാമതായി, ബൈബിളിന്റെ വിവർത്തനവും അതിന്റെ ചിലവും അതുപോലെ മയക്കുമരുന്നിന് അടിമകൾ, അന്ധർ, ബധിരർ, മൂകർ, കുഷ്ഠരോഗികൾ, വികലാംഗർ, ജയിൽ തടവുകാർ തുടങ്ങിയവരുടെ ഇടയിലുള്ള പ്രത്യേക ശുശ്രൂഷകളേയും പിന്തുണയ്ക്കണം. ബൈബിൾ പരിഭാഷകരും ബൈബിൾ സൊസൈറ്റികളും പോലുള്ള സാഹിത്യ ശുശ്രൂഷാ സംഘടനകളെ നാം നന്നായി പിന്തുണയ്ക്കുന്നില്ലെങ്കിൽ, പുതുതായി സ്ഥാപിതമായ സഭകൾക്കും വളർന്നുവരുന്ന സഭകൾക്കും മതിയായ ബൈബിളുകളും മറ്റ് ആത്മീയ പുസ്തകങ്ങളും കിട്ടാതെ പോകും.

അടുത്തത് ദരിദ്രരെ താങ്ങാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. എളിയവരോട് കൃപ കാട്ടുന്നവൻ കർത്താവിന് കടം കൊടുക്കുന്നു.

(സദൃശവാക്യങ്ങൾ 19:17). വിശ്വാസികളിലെ ദരിദ്രരെ സഹായിക്കുന്നതാണ് നല്ലത്. (ഗലാ6:10). പഴയനിയമത്തിലെ ദശാംശം പരദേശികൾ അനാഥർ, വിധവകൾ എന്നിവർക്ക് പങ്കുവെച്ചു. (ആവർത്തനം14:28,29). പെന്തെക്കൊസ്ത് നാളിലെ അനുഭവത്തെ തുടർന്ന്, വിശ്വാസികൾ ദരിദ്രർക്ക് ധാരാളമായി ദാനം ചെയ്തു (പ്രവൃത്തികൾ 2:44,45, 4:32,35), വിശക്കുന്നവർക്ക് കൊടുക്കുന്നത് ക്രിസ്തുവിന് നൽകുന്നതിന് തുല്യം (മത്തായി 25:35–40). ദരിദ്രനായ ലാസറിനെ അവഗണിച്ചതാണ് ധനികൻ നരകത്തിലേക്ക് പോയതിന്റെ ഒരു കാരണം. (ലൂക്കോ 16:19–21,25). സുവിശേഷഷീകരണത്തിലേക്ക് നയിക്കുന്ന റിലീഫ് ഓർഗനൈസേഷനുകൾ OBXനമ്മുടെ പട്ടികയിൽ ഒരു സ്ഥാനം അർഹിക്കുന്നു.

പുതിയ നിയമ ഉടമ്പടിയിൽ ലേവ്യർ പുരോഹിതന്മാരുടെ ഒരു പ്രത്യേക ഗോത്രമായിരുന്നു. പ്രത്യേക ക്ലാസ് ഇല്ല. എല്ലാ വിശ്വാസികളും ഇന്ന് പുരോഹിതരാണ് (1 പത്രോസ് 2:9,10) അതുകൊണ്ട് ഓരോരോ വിശ്വസിയും തന്റെ ചുറ്റിലുള്ളവരോടും താൻ പോകുന്നിടത്തെല്ലാം ഘോഷിക്കണം (അറിയിക്കണം). ഈ ആത്മീയസുവിശേഷ പ്രവർത്തനത്തിന് കൈയെഴുത്തുപ്രതികളും സുവിശേഷ പുസ്തകങ്ങളും മറ്റ് സമഗ്രികളും ആവശ്യമാണ്. ദൈവത്തിനു പ്രസാദകരമായ ഇത്തരം കാര്യങ്ങൾക്കായി കർത്താവിന്റെ പണം ചെലവഴിക്കുന്നതിന് ഒരു നിയന്ത്രണവുമില്ല. കൂടാര പണി ചെയ്തിരുന്ന പൗലോസ് തന്റെ സമ്പാദ്യം തന്റെ ശുശ്രൂഷാ ചെലവുകൾക്കും സംഘത്തിലെ അംഗങ്ങൾക്കും വേണ്ടി ചെലവഴിച്ചു(അപ്പ.18:3, 20:34). പഴയ നിയമത്തിൽ പോലും ആളുകൾക്ക് തങ്ങളുടെ ദശാംശം അവർക്കിഷ്ടമുള്ള വിധത്തിൽ ദൈവത്തിന്റെ സമൂഹത്തിൽ ചെലവഴിക്കാൻ അനുവാദമുണ്ടായിരുന്നു (ആവർത്തനം 14:22–26).

മലാഖി 3:10 ചൂണ്ടികാണിച്ച് ചിലർ ദശാംശം പ്രാദേശിക ഇടയനു മാത്രമുള്ളതാണെന്ന് പഠിപ്പിക്കുന്നു. ഈ വ്യാഖ്യാനം തെറ്റാണ്. പുതിയ നിയമസഭയുടെ അഞ്ച് തരം വേലക്കാരിൽ ഒന്നു മാത്രമാണ് ഇടയന്മാർ. അപ്പോസ്തലന്മാർ, പ്രവാചകന്മാർ, സുവിശേഷകർ, ഉപദേഷ്ടാക്കൾ

എന്നിവരാണ് അടുത്ത നാല് പേർ (എഫേ.4:13). ഈ അഞ്ച് ദൈവവേലക്കാരിൽ ചിലർ ഒരു സ്ഥലത്തിൽ നിന്ന് മറ്റൊരു സ്ഥലത്തേക്ക് മാറിമാറി കൊണ്ടിരിക്കുന്നവരും സുവിശേഷകന്മാർ പലപ്പോഴും ക്രിസ്തുവിന്റെ ശരീരമായ പൊതു സഭയെയും റസിഡന്റ് ശുശ്രൂഷകർ പ്രാദേശിക സഭയെയും ശുശ്രൂഷിക്കുന്നു. കർത്താവിന്റെ വേലക്കായി സമാഹരിക്കുന്ന പണം ഈ രണ്ട് തരം ദൈവവേലക്കാർക്കും ഇടയിൽ അവരുടെ വേലയുടെ സ്വഭാവത്തിനും വ്യാപ്തിക്കും ആനുപാതികമായി പങ്കിടണം. എല്ലാ ദശാംശങ്ങളും തന്റേതാണെന്ന് അവകാശപ്പെടുന്ന ഇടയൻ മറ്റ് നാല് വേലക്കാർക്കും കിട്ടേണ്ടത് കൊള്ളയടിക്കുകയാണ് എന്നാണ് അതിന്റെ അർത്ഥം.

പൗലൂസ് **നടുന്ന** മിഷനറിയും അപ്പല്ലോസ് **നനയ്ക്കുന്ന** ഇടയനും തമ്മിൽ **വിളവെടുക്കുന്ന** ദൈവത്തിന്റെ പണത്തെ പങ്കുവെയ്ക്കണം.

തൊഴുത്തിൽ ആടുകളെ മേയിക്കുന്ന ഇടയനും (1 പത്രോ. 5:2) തൊഴുത്തിൽ ഇല്ലാത്ത ആടുകളെ തേടി പോകുന്ന ഇടയന്മാരും ഒരു പോലെ പ്രധാനമാണ് (മത്താ. 9:36–38). രണ്ട് വിഭാഗങ്ങൾക്കും ദൈവജനത്തിന്റെ സ്നേഹവും പിന്തുണയും ആവശ്യമാണ്.

മിഷനറി ചിന്താഗതിയുള്ള ഒരു ഇടയനെ പ്രതി നമുക്ക് ദൈവത്തെ സ്തുതിക്കാം. ദൈവജനം കൊടുക്കുന്ന പണത്തിൽ ഏറ്റവും കുറഞ്ഞ തുക മാത്രം എടുത്ത് ബാക്കിയുള്ളത് സുവിശേഷ പ്രവർത്തനങ്ങൾക്ക് നൽകുന്നത് നല്ലതാണ്. എന്നാൽ പലർ ദേശം വിട്ടുള്ള മിഷനറി പ്രസ്ഥാനങ്ങളേയും മറ്റ് പ്രവർത്തനങ്ങളേയും പൂർണ്ണമായും എതിർക്കുന്നു. ചില സ്വതന്ത്രസഭകളിൽ വിദേശത്തിൽ നിന്നു ലഭിക്കുന്ന പണത്തിനുവേണ്ടി ആകാംഷയോടെ കാത്തിരിക്കുയാണ് അവിടുന്ന്. എത്ര തുക വന്നാലും മിഷണറി പ്രവർത്തനങ്ങളെയോ മറ്റ് ദൈവവേലകളേയോ ഇവർ താങ്ങുന്നില്ല. മറ്റ് മിഷണറി പ്രവർത്തനങ്ങളേയും മറ്റ് ദൈവവേലകളേയും വെറുക്കുന്നു. വിദേശത്തിൽ നിന്നു ദൈവവേലയ്ക്കു വരുന്ന പണവും മറ്റു സാധനങ്ങളും ഞങ്ങൾക്കു വേണ്ട എന്നു പറയാനുള്ള ധൈര്യം എത്ര പാസ്റ്റർമാർക്കുണ്ട്?

വിദേശത്തുള്ള സായിപ്പുമാരുടെ സ്ഥാപനങ്ങളിൽ നിന്നു കിട്ടുന്ന പണം കൊണ്ടു തെറ്റായി ജീവിക്കുന്ന പാസ്റ്റർമാരും സ്വാതന്ത്ര ദൈവവേലക്കാരും ധാരാളം ഉണ്ട്. അവരെ ദൈവം ന്യായം വിധിക്കും.

ഏതു ദൈവവേലക്ക് എത്ര കൊടുക്കണം എന്നുള്ളത് വിശ്വാസിക്കും ദൈവത്തിനും ഇടയിലുള്ള കാര്യമാണ്. അതിൽ ആർക്കും നിർബന്ധിക്കാൻ പാടില്ല. കർത്താവിന് വേണ്ടി മാറ്റി വയ്ക്കുന്നതിൽ പാതി സ്വന്ത സഭയ്ക്കും ബാക്കി മറ്റു ദൈവവേലകാർക്കും കൊടുക്കാൻ ആരോ ആലോചന പറഞ്ഞു. ഇതു ശരിയെന്ന് എനിക്കും തോന്നുന്നു. എങ്ങനെ ആയാലും ഏതു ഭീഷണിക്കും നിബന്ധത്തിനും ഇടം കൊടുക്കാതെ സ്വന്തം തീരുമാനത്തിൽ ഉറച്ചുനിൽക്കണം.

ക്രൈസ്തവ വിശ്വാസത്തെ ഇളക്കി മറിക്കുന്ന ആധുനിക വാദികളെയും മിതവാദികളേയും പ്രസംഗവേദിയിൽ അനുവദിക്കുന്ന സഭകൾക്ക് കൊടുക്കുന്നതിൽ ജാഗ്രത പുലർത്തുക. ഇത്തരം, വചനത്തെ വളച്ചോടിക്കുന്ന വേലക്കാരെ പ്രോത്സാഹിപ്പിക്കരുത്. (2 യോഹന്നാൻ 10,11) നിങ്ങൾ ഏതു ദൈവവേലക്കാർക്കു കൊടുത്താലും മിഷനറി സ്ഥാപനത്തിന് കൊടുത്താലും വരവുചിലവു കണക്ക് കൃത്യമായി കണക്കാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കുക. കിട്ടുന്ന പണത്തിന് ഔദ്യോഗിക രസീത് നൽകണമെന്നും കണക്കുകൾ ഓഡിറ്റ് ചെയ്യണമെന്നുമാണ് രാജ്യത്തെ നിയമം. സഭയ്ക്കോ ഗവൺമെന്റിനോ കണക്കു പറയേണ്ട ആവശ്യമില്ല, ഞങ്ങൾ കർത്താവിനോട് മാത്രമേ കണക്ക് പറയേണ്ടതുള്ളു, എന്നു പറയുന്നവരെ കുറിച്ച് ജാഗ്രതയായിരിക്കുക എന്ന മുന്നറിയിപ്പ് (2 കൊരി. 8:20,21). തങ്ങളുടെ ഇഷ്ടം പോലെ ദൈവവേല ചെയ്തു സ്വന്തം ആഗ്രഹങ്ങൾ നിറവേറ്റുന്ന ദൈവവേലക്കാരന് അന്ധമായി പണം നൽകുന്നതിന് പകരം, ദൈവരാജ്യം പണിയുന്നത്യാഗിയായ ദൈവവേലക്കാരന് തോൾ കൊടുക്കുക. നിങ്ങളുടെ കാണിക്കകൾ ശരിയായ കൈകളിൽ എത്തിയില്ലെങ്കിൽ അത് നിങ്ങളുടെ സ്വർഗ്ഗീയ അക്കൗണ്ടിൽ എത്തുകയില്ല.

## വേദപുസ്തകത്തിലെ ചില സ്ഥലങ്ങളിൽ വചനങ്ങളിൽ വൈരുദ്ധ്യങ്ങൾ പോലെ കാണപ്പെടുന്നു. വേദപുസ്തകത്തിലെ വ്യഖ്യാനങ്ങളും വ്യത്യാസമാകുന്നു എന്തുകൊണ്ട് ?

തിരുവെഴുത്തുകളുടെ ഒരേ ഭാഗത്തിൽ രണ്ട് പ്രസംഗകർ വ്യത്യസ്ത വീശദീകരണം നൽകുമ്പോൾ ഒരേ വാക്യത്തിന് രണ്ട് അർത്ഥങ്ങളുണ്ടോ? അഥവാ ഇതിൽ ഏതാണ് ശരി! അത് ശരാശരി ക്രിസ്ത്യാനിയെ ആശയക്കുഴപ്പത്തിലാക്കുന്നു. വിശദീകരണങ്ങളിൽ ചില ചെറിയ വ്യത്യാസങ്ങൾ ഉണ്ടെങ്കിൽ കുഴപ്പമില്ല, എന്നാൽ പരസ്പരം വൈരുദ്ധ്യമുണ്ടെങ്കിൽ ലളിതമായ മനസ്സുള്ളവർക്ക് ഒന്നും മനസ്സിലാകില്ല. വിശദീകരണങ്ങളുടെ വ്യത്യാസത്തിനുള്ള ചില കാരണങ്ങൾ ഇതാ.

സത്യവേദം ഏറ്റവും പഴയ ഗ്രന്ഥമാണ്. അതിന്റെ ആദ്യത്തെ അഞ്ച് പുസ്തകങ്ങൾ ബി.സി.1400, അവസാന ഗ്രന്ഥംഎഴുതിയത് 90എ.ഡി. അതുകൊണ്ട് ഇന്നത്തെ കണക്കിൽ ചില പുസ്തകങ്ങൾ 3400 വർഷങ്ങൾക്ക് മുമ്പും അവസാന ഗ്രന്ഥം 1900 വർഷങ്ങൾക്ക് മുമ്പും എഴുതിയതാണ്. അവ എഴുതപ്പെട്ട കാലത്തിനും അവ വ്യാഖ്യാനിക്കപ്പെട്ടുകൊണ്ടിരിക്കുന്ന കാലത്തിനും ഇടയിലുള്ള സമയം ഏകദേശം മൂവായിരം വർഷമാണ്. ഈ ആഗോള ഭാഷാപരവും സാംസ്കാരികവുമായ വിടവ് വ്യാഖ്യാനത്തെ ബുദ്ധിമുട്ടാക്കുന്നു. ഈ വിടവുകൾ അവഗണിക്കുന്ന വ്യാഖ്യനങ്ങൾ നമ്മെ തെറ്റിദ്ധിരിപ്പിക്കും.

സത്യവേദം വാഗ്ദാനങ്ങളുടെ പുസ്തകമാണ്. എന്നാൽ ഇന്ന് എല്ലാ വചനങ്ങളും എഴുതിയതുപോലെ അവകാശമാക്കാൻ കഴിയില്ല. ഇസ്രായേൽ ജനതയ്ക്ക് നൽകപ്പെട്ട വാഗ്ദത്തങ്ങൾ ഉണ്ട്. അവയിൽ ഭൂരിഭാഗവും ശാരീരികവും സാമ്പത്തികവുമായ അനുഗ്രഹങ്ങൾക്ക് ഉള്ളതാണ്. (ആവർത്തന 28:1–4). എന്നാൽ പുതിയ ഉടമ്പടിയുടെ കീഴിൽ വാഗ്ദത്തം ചെയ്യപ്പെടുന്ന അനുഗ്രഹങ്ങൾ പ്രാഥമികമായി ആത്മീയമാണ് (എഫെ.1:3). അതുകൊണ്ട് ഇന്ന് നമുക്ക് ആർക്കും മിശിഹായുടെ വചനങ്ങൾ അവകാശപ്പെടാൻ കഴിയില്ല. ഉദാഹരണത്തിന് സങ്കീർത്തനം 34:20, അവൻ

അവന്റെ എല്ലാ അസ്ഥികളെയും സൂക്ഷിക്കുന്നു. അവയൊന്നും തകർക്കപ്പെടുകയില്ല. (യോഹന്നാൻ 19:36). എന്നാൽ യേശുവിന്റെ നേരിട്ടുള്ള ശുശ്രൂഷയിലൂടെ രക്ഷിക്കപ്പെട്ട കള്ളന്റെ അസ്ഥികളും തകർന്നു! (വാക്യം32). മാലാഖമാർ നമ്മുടെ സംരക്ഷണത്തിനായി നമുക്കുദൈവത്തോടും പ്രാർത്ഥിക്കാം, എന്നാൽ ഈ വാഗ്ദാനം നമുക്കുവേണ്ടി സ്വീകരിക്കരുത്, നമുക്ക് ഒരിക്കലും നമ്മുടെ ഒരു അസ്ഥിയും ഒടിയില്ലെന്ന് ഈ വചനത്താൽ ഉറപ്പു പറയാൻ പാടില്ല.

അതുപോലെ യുഗങ്ങളുമായി ബന്ധപ്പെട്ട വാഗ്ദാനങ്ങൾ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യണം. ഇന്ന് ഒരു സിംഹം പോലും വൈക്കോൽ തിന്നില്ല. ഒരു ചെറിയ കുട്ടിക്കും പാമ്പുകളോട് കളിക്കാൻ കഴിയില്ല! (യെശയ്യാ 11:7,8).

അതുപോലെ വേദപുസ്തകത്തിൽ വ്യക്തികൾക്ക് പ്രത്യേക സന്ദർഭങ്ങളിൽ നൽകിയിരിക്കുന്നു. വാഗ്ദത്തങ്ങൾ പൊതുവൽക്കരി ക്കാൻ പാടില്ല.

അബ്രഹാമിനോട് കർത്താവ് വാഗ്ദാനം ചെയ്തതു പോലെ, നമ്മെ ശപിക്കുന്നവരെ കർത്താവ് ശപിക്കുമെന്ന് പ്രതീക്ഷിക്കരുത് (ഉല്പത്തി 12:3). നമ്മൾ പുതിയ നിയമ ക്രിസ്ത്യാനികളാണ്, അതിനാൽ ക്രിസ്തുവിന്റെ ഉപദേശങ്ങൾ അനുസരിച്ച് ജീവിക്കണം. അബ്രഹാമിനോട് പറഞ്ഞതുപോലെ നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കുമെന്ന് പ്രതീക്ഷിക്കരുത്. നമ്മെ ശപിക്കുന്നവരെ നാം അനുഗ്രഹിക്കണം. (മത്തായി 5:44).

സത്യവേദം കഠിനമായ ഒരു പുസ്തകമാണ് അതേസമയം അത് ദൈവികമാണ്. അതേ സമയം, ഇത് മനുഷ്യനാൽ എഴുതപ്പെട്ട പുസ്തകമായതിനാൽ, അതിന്റെ പല ഭാഗങ്ങളും നമ്മുടെ ആഗ്രഹപ്രകാരം എളുപ്പത്തിൽ വ്യാഖ്യാനിക്കാൻ കഴിയില്ല. നമ്മുടെ അറിവും കുറവാണ്. ക്രിസ്തുവിന്റെ രണ്ടാം വരവിൽ മാത്രമേ നാം അറിയേണ്ടതുപോലെ എല്ലാം അറിയുകയുള്ളൂ (1 കൊരി. 13:9–12). പല പ്രസംഗകരും വിശ്വാസികളും ഈ വസ്തുതയോട് യോജിക്കുന്നതായി തോന്നുന്നില്ല. ഒരിക്കൽ എല്ലാം തനിക്കറിയാമെന്ന് കരുതിയിരുന്ന പത്രോസ് മുതിർന്നപ്പോൾ, നമ്മുടെ പ്രിയ

സഹോദരൻ പൗലോസ് തന്റെ എല്ലാ ലേഖനങ്ങളിലും തനിക്ക് ലഭിച്ച ജ്ഞാനം കൊണ്ട് സംസാരിച്ചു, അവൻ പറഞ്ഞ ചില കാര്യങ്ങൾ മനസ്സിലാക്കാൻ പ്രയാസമാണ്. അറിവില്ലാത്തവരും അസ്ഥിരരും മറ്റ് തിരുവെഴുത്തുകളെ വളച്ചോടിക്കുന്നതുപോലെ സ്വന്തം നാശത്തിനായി ഇവയെ വളച്ചോടിക്കുന്നുവെന്ന് അദ്ദേഹം പ്രഖ്യാപിക്കുന്നു. (2 പത്രോസ് 3:15,16). വചനം പ്രസംഗിക്കുകയും ഉപദേശിക്കുകയും ചെയ്യുന്ന പത്രോസ് വിദ്യാഭ്യാസമില്ലാത്തവനും അഭ്യാസമില്ലാത്തവനുമാണെങ്കിലും വിശ്വാസികൾ ആദ്യം വചനം പഠിക്കുകയും അതിൽ ഉറച്ചു നിൽക്കുകയും ചെയ്യണമെന്ന് പത്രോസ് നിർബന്ധിക്കുന്നു. ശരിയായ അടിസ്ഥാനമില്ലാത്തവരും കൂട്ടായ്മബ്ധം ഇല്ലാത്ത സ്വതന്ത്ര

## ആരാധന ദിവസം ശനിയാഴ്ചയോ ഞായറാഴ്ചയോ?

ആദിയിൽ, ദൈവം സൃഷ്ടി പൂർത്തിയാക്കിയപ്പോൾ, ദൈവം ഏഴാം ദിവസം വിശ്രമിക്കുകയും അതിനെ വിശുദ്ധീകരിക്കുകയും ചെയ്തു. (ഉല്പത്തി2:2,3). അബ്രഹാമിനും മോശയ്ക്കും മുമ്പുള്ള ഒരു ഗോത്രപിതാവും ശബത്ത് ആചരിച്ചിട്ടില്ലെന്ന് പറയപ്പെടുന്നു. അവരുടെ കാലത്ത് അങ്ങനെയൊരു കൽപ്പന ഉണ്ടായിരുന്നില്ല. എന്നാൽ ദൈവം അതിനെ പത്തു കൽപ്പനകളിൽ ഉൾപ്പെടുത്തി (പുറപ്പാട് 20:8–11). ശബത്ത് ആചരിക്കുന്ന ന്യായപ്രമാണത്തിൽ നൽകിയിരിക്കുന്നു. (പുറപ്പാട് 23:10–13). യേശു ന്യായപ്രമാണത്തിന്റെ പുത്രനായി വന്നതുകൊണ്ടാണ് ശബ്ബത്ത് ആചരിച്ചത് (മത്തായി 6:1,2). ഏഴാം ദിവസം തന്നെ ശനിയാഴ്ച. യേശു ന്യായപ്രമാണ കാലത്ത് ജീവിച്ചിരിക്കുന്നതു കൊണ്ടാണ് ശബ്ബത്ത് ആചരിച്ചത്. യേശു മരിച്ചു ഉയർത്തെഴുന്നേറ്റ ശേഷം ന്യായപ്രമാണകാലം അവസാനിച്ചു.

ക്രിസ്തുവിന്റെ മരണത്തോടെയാണ് പുതിയ ഉടമ്പടി ആരംഭിക്കുന്നത് (മത്തായി 26:28).അവന്റെ മരണം നിയമത്തിന്റെ എല്ലാ ആചാരങ്ങളിൽ നിന്നും നമ്മെ മോചിപ്പിച്ചു. കൽപ്പനകളാൽ നമുക്കെതിരെയും വിരോധമായും ഇരുന്ന ന്യായപ്രമാണത്തെ പുതിയ നിമയത്തിൽ നിന്നെടുത്തു യേശു തകർത്ത് കുരിശിൽ തറച്ചു (കൊലോസ്യർ2:14). അതുകൊണ്ട്

ഭക്ഷണപാനീയങ്ങളെക്കുറിച്ചോ പെരുന്നാൾ ദിവസങ്ങളെക്കുറിച്ചോ ആർത്തവത്തെക്കുറിച്ചോ ശബ്ബത്തുകളെക്കുറിച്ചോ ആരും നിങ്ങളെ കുറ്റപ്പെടുത്തരുത്. അവ ഇനി വരുന്ന കാലത്തിന് നിഴലാണ്. അവയുടെ അർത്ഥം ക്രിസ്തുവിനെക്കുറിച്ചാണ് (കൊലോ2:16,17). എന്താണ് ഇന്നത്തെ നിയമം? റോമർ 14:5,6 വാക്യങ്ങളിൽ ഉത്തരം വളരെ വ്യക്തമാണ്. ഒരാൾ ഒരു ദിവസത്തെ മറ്റൊന്നിനേക്കാൾ സവിശേഷമായി കണക്കാക്കുന്നു. മറ്റൊരാൾ എല്ലാദിവസവുംകൃത്യമായി (തുല്യമായി) കണക്കാക്കുന്നു. അവനവന്റെ മനസ്സിൽ തികഞ്ഞ ഉറപ്പുണ്ടായിരിക്കണം. അതുകൊണ്ട് നമുക്ക് ഇതിൽ പൂർണ സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. ഓരോരുത്തരും അവരവരുടെ ഇഷ്ടത്തിനുസരിച്ച് ദിവസങ്ങൾ തിരഞ്ഞെടുക്കാം.

ആഴ്ചയുടെ ആദ്യദിവസം ആദിമസഭ സമ്മേളിച്ചതായി നാം പലയിടത്തും വായിക്കുന്നു. (പ്രവൃത്തികൾ 20:7, 1 കൊരി. 16:1,2). ഇത് ആഴ്ചയുടെ ആദ്യ ദിവസം കർത്താവ് ഉയിർത്തെഴുന്നേറ്റതു കൊണ്ടാകാം. എന്നാൽ അത് ഒരു ശബ്ബാത്ത് ദിനമായി ആചരിക്കണമെന്ന് ഒരു കൽപ്പനയും ഇല്ല. പതിവ് ജോലികളിൽ നിന്ന് വിശ്രമിക്കാനും സ്വയം ഉന്മേഷം നേടാനും ആഴ്ചയിൽ ഒരു ദിവസം മാറ്റിവെക്കുന്നത് നല്ലതാണ്. റെസ്റ്റ് ഇൻ പീസ്! ഈ ശീലം ശരീരത്തിനും മനസ്സിനും കുടുംബത്തിനും ഗുണം ചെയ്യും. ദൈവംതന്നെ ഒരു ദിവസം വിശ്രമിച്ചല്ലോ? (അറബ് രാജ്യങ്ങളിൽ പ്രതിവാര അവധി വെള്ളിയാഴ്ചയാണ്). ഈ വിശ്രമദിനം ആരാധന, സഭാകൂട്ടായ്മ, പ്രാർത്ഥന, വേദപഠനം, ആത്മപരിശോധന മുതലായവയ്ക്ക് ഉപയോഗിക്കുന്നത് അനുഗ്രഹമാണ്. ഈ വേഗതയേറിയ ലോകത്ത് നമുക്ക് ഇത് എത്രമാത്രം ആവശ്യമാണ്! നന്മ ചെയ്യാനും ജീവൻ രക്ഷിക്കാനും കഴുതയെയോ കാളയെയോ കുഴിയിൽ നിന്ന് രക്ഷപ്പെടുത്താനും (ലൂക്കോ.14:5) ഈ ദിവസം ഉപയോഗിക്കാമെന്ന് ന്യാപ്രമാണ കാലത്ത് യേശു ഉപദേശിച്ചു (മാർക്കോ3:40 ഈ ദിവസം സുവിശേഷവത്കരണത്തിന് എത്ര ഉചിതമായ ദിവസം!

ദൈവത്തിന്റെ ഏഴാം ദിവസം മനുഷ്യന്റെ ആദ്യദിവസമാണ്. ജോലി

കഴിഞ്ഞ് ദൈവം വിശ്രമിച്ചു. ആദാമോ വിശ്രമിച്ചു ജോലി തുടങ്ങി. ഇത് ശനിയാഴ്ചയോ ഞായറാഴ്ചയോ എന്നല്ല, കർത്താവിൽ സന്തോഷിക്കാൻ ഒരു ദിവസം നീക്കിവെക്കണോ വേണ്ടയോ എന്നതാണ് പ്രധാനം (യെശയ്യാ 58:13,14). അവനവന്റെ മനസ്സിൽ പൂർണ്ണ ഉറപ്പുണ്ടായിരിക്കണം!

## ത്രിത്വം വിശദീകരിക്കാമോ?

നമുക്ക് ഒരു ദൈവമോ ഉള്ളൂ. അവൻ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന മൂന്ന് വ്യക്തികളായി, സ്വയം വെളിപ്പെടുത്തിയിരിക്കുന്നു. ഈ മൂന്ന് ദൈവിക വ്യക്തികളും ദൈവത്തിൽ മഹത്വമായ രഹസ്യ സ്നേഹത്തിൽ ഐക്യപ്പെട്ടിരിക്കുന്നു. അവർ അങ്ങനെ ദൈവീകതയിൽ ബന്ധിക്കപ്പെട്ടിട്ടുണ്ടെങ്കിലും വ്യക്തിത്വത്തിലും പ്രവർത്തനത്തിലും അവർ വ്യത്യസ്ഥരാണ്.

ദൈവത്തിന്റെ ത്രിത്വത്തെ ചിത്രീകരിക്കുന്ന നിരവധി ഉദാഹരണങ്ങൾ വേദപുസ്തകത്തിൽ ധാരാളം ഉണ്ട്. പക്ഷെ ത്രിത്വം(Trinity) എന്നവാക്ക് വേദപുസ്തകത്തിൽ ഒരിടത്തും ഇല്ല.

നമുക്ക് ആദ്യം ക്രിസ്തുവിന്റെ ജീവിതത്തിലേക്ക് നോക്കാം:

മറിയത്തിന്റെ മേൽ ദൈവത്തിന്റെ ശക്തി നിഴലിട്ടതു കൊണ്ട് യേശു ജനിച്ചു (ലൂക്കാ.1:35). ഇതു വിവരിക്കാൻ സാധിക്കില്ല. വേദ പുസ്തകത്തിൽ എഴുതിയ അത്രയും മാത്രം ചിന്തിക്കുന്നതു നമുക്കു നല്ലതാണ്. പൗലോസ് പറഞ്ഞിരിക്കുന്നതിന്റെ അപ്പുറം ചിന്തിക്കാതിരിക്കാൻ ഞാൻ നിങ്ങളോടു അപേക്ഷിക്കുന്നു. എഴുതിയിരിക്കുന്നതിന് അപ്പുറം ചിന്തിച്ചാൽ നമ്മുടെ വിശ്വാസം നമ്മെ വിട്ടുപോകും.

യേശു സ്നാനമേറ്റപ്പോൾ പരിശുദ്ധാത്മാവ് ഒരു പ്രാവിനെപ്പോലെ പ്രത്യക്ഷപ്പെട്ടു അവന്റെ മേൽ വന്നു. ഇത് എന്റെ പ്രിയപ്പെട്ട പുത്രനാണെന്ന് പിതാവ് സാക്ഷ്യപ്പെടുത്തി. (മത്തായി3:16,17).

എഴുപതുപേരും ഉത്സാഹത്തോടെ മടങ്ങിയപ്പോൾ യേശു പരിശുദ്ധാത്മാവിൽ സന്തോഷിച്ചു. പിതാവിനെ സ്തുതിച്ചു. (ലൂക്കോസ് 10:21).

നിത്യാത്മാവിലൂടെ യേശു പിതാവായ ദൈവത്തിന് തന്നെതന്നെ സമർപ്പിച്ചു (എബ്രായർ 9:14).

യേശു ദൈവത്തിന്റെ വലതു ഭാഗത്തേക്ക് ഉയർത്തപ്പെട്ടപ്പോൾ പിതാവ് വാഗ്ദത്തം ചെയ്തതുപോലെ അവൻ പരിശുദ്ധാത്മാവിനെ തന്റെ ശിഷ്യന്റെമേൽ പകരുകയും ചെയ്തു. (പ്രവൃത്തികൾ 2:33, 1:4,5 (യോഹന്നാൻ 15:26).

ത്രിത്വത്തിലെ മൂന്നു വ്യക്തികളും ഓരോ ക്രിസ്ത്യാനിയുടെയും ജീവിതത്തിൽ ആഴത്തിൽ ഉൾപ്പെട്ടിരിക്കുന്നു. (യോഹ 14:23–26). പിതാവായ ദൈവം നമ്മെ പുനർജനന സ്നാത്താലും യേശുക്രിസ്തുവിലൂടെ പൂർണ്ണമായി പകർന്ന പരിശുദ്ധാത്മാവിന്റെ നവീകരണത്താലും രക്ഷിച്ചു.

അനുസരണത്തിനായുള്ള ആത്മാവിന്റെ വിശുദ്ധീകരണത്തി ലൂടെയും യേശുക്രിസ്തുവിന്റെ രക്തം തളിക്കുന്നതിലൂടെയും പിതാവായ ദൈവം നമ്മെ മുൻകൂട്ടി തിരഞ്ഞെടുത്തിരിക്കുന്നു. (1 പത്രോസ് 1:2).

യേശു പറഞ്ഞതുപോലെ നാം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനമേറ്റു (മത്തായി28:19).

ഒരു പിതാവ് ഒരു കർത്താവ്, ഒരു ആത്മാവ് എന്നിങ്ങനെ വെളിപ്പെടുത്തിയ ഏക ദൈവത്തിൽ മാത്രമാണ് നമ്മുടെ വിശ്വാസം (എഫേ. 4:4–6).

ക്രിസ്തുവിലൂടെ നമുക്കു അതേ ആത്മാവിനാൽ പിതാവിനോട് ചേർന്നിരിക്കുന്ന ഭാഗ്യം ലഭിച്ചിരിക്കുന്നു (എഫെ2:18). പിതാവിനെ നോക്കി ക്രിസ്തുവിന്റെ നാമത്തിൽ ആത്മാവിന്റെ സഹായത്താൽ നാം പ്രാർത്ഥിക്കുന്നു. ആത്മാവായ ദൈവം നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം നൽകുന്നു. പുത്രനായ ദൈവം നമ്മുടെ പ്രാർത്ഥനകൾ പിതാവിന്റെ മുമ്പിൽ സമർപ്പിക്കുന്നു. പിതാവായ ദൈവം പുത്രൻ വഴിയുള്ള നമ്മുടെ പ്രാർത്ഥനകൾ സ്വീകരിക്കുന്നുവെന്ന് സി.എച്ച് സ്പർജൻ എഴുതുന്നു. ക്രിസ്തുവന്റെ ചിന്ത നമുക്കുണ്ടായിരിക്കുമ്പോൾ പിതാവ് തന്റെ ആത്മാവ് മുഖാന്തരം തന്റെ ആശയങ്ങൾ നമുക്ക് വെളിപ്പെടുത്തുന്നു (1 കൊരി. 2:10,16). അതുപോലെ

തന്നെ ശുശ്രൂഷയിലും ത്രിത്വത്തിലെ മൂന്ന് വ്യക്തികളുടെ പങ്കാളിത്തം വ്യക്തമാണ്.

വരങ്ങളിൽ വ്യത്യാസമുണ്ട്. ആത്മാവ് ഒന്നാണ് ശുശ്രൂഷകളിൽ വ്യത്യാസങ്ങളുണ്ട്. കർത്താവ് ഏകനാണ്. പ്രവർത്തനങ്ങളിലും വ്യത്യാസമുണ്ട്. എല്ലാരിലും എല്ലാം പ്രവർത്തിക്കുന്ന ദൈവം ഒരുവൻ തന്നെ (1 കൊരി. 12:4–6). ദൈവം തന്റെ ആത്മാവിലൂടെ വാസം ചെയ്യുന്നതും യേശുക്രിസ്തുവിനെ മൂലക്കല്ലാക്കിയിരിക്കുന്നതുമായ വിശുദ്ധ ദേവാലയമാണ് സഭ (എഫേ. 2:19–22). പിതാവിൽ നിന്ന് തനിക്ക് ലഭിച്ച ഭരണ അധികാരത്തെയും സിംഹാസനത്തിൽ ഇരിക്കുന്ന അവകാശത്തെയും ജയിക്കുന്നവർക്ക് ക്രിസ്തു നൽകുമെന്ന് ആത്മാവ് സഭകളോട് പറയുന്നു. (വെളിപാട് 2:27–29, 3:21,22).

ത്രിത്വത്തിലെ മൂന്ന് പേരും ദൈവിക സ്വഭാവത്തിൽ തുല്യരാണ്, എന്നാൽ പരമാധികാരം പിതാവായ ദൈവത്തിനാണ്. ചില ഉദാഹരണങ്ങൾ ഇതാ– എന്റെ വലത്തും ഇടത്തും ഇരിക്കാൻ എന്റെ പിതാവിനാൽ ആർക്കു ഒരുക്കിയിരിക്കുന്നുവോ അവർക്കു വേണ്ടിയല്ലാതെ മറ്റൊരാൾക്കു നൽകുന്നത് എന്റെ (യേശു) കാര്യമല്ല അത് പിതാവിന്റെ ഇഷ്ടമാണ്. (മത്താ.20:23).

പിതാവ് തന്റെ കൈവശം സൂക്ഷിക്കുന്ന കാലങ്ങളും സമയങ്ങളും അറിയുന്നത് നിങ്ങൾക്കുള്ളതല്ല (അപ്പോ. പ്രവൃത്തി 1:7) അവസാനം പുത്രൻ, ദൈവവും പിതാവുമായിരിക്കുന്നവനു രാജ്യത്തെ ഏല്പിക്കും. എല്ലാം (യേശുവിനു) കീഴ്പ്പെട്ടിരിക്കുമ്പോൾ ദൈവം സകലത്തിലും ആകാൻ പുത്രൻ താനും തനിക്കുള്ള സകലത്തെയും കീഴ്പ്പെടുത്തിയ പിതാവിന് കീഴ്പ്പെട്ടിരിക്കും (1 കൊരി. 15:24,28).

വിശുദ്ധ അഗസ്റ്റിൻ ഒരു ദിവസം കടൽത്തീരത്തുകൂടി ത്രിത്വസിദ്ധാന്തം പൂർണ്ണമായും മനസ്സിലാക്കാൻ കഴിയാത്ത അവസ്ഥയിൽ നടക്കുകയായിരുന്നു. ഒരു കുട്ടി കടലിൽ നിന്ന് ഒരു പാത്രത്തിൽ വെള്ളം കൊണ്ടുവന്ന് ഒരു ചെറിയ കുഴിയിലേക്ക് ആവർത്തിച്ച് ഒഴിക്കുന്നത് അവൻ കണ്ടു. നിങ്ങൾ എന്താണ് ചെയ്യുന്നത് സഹോദരാ? അവനോട് ചോദിച്ചു. ഈ കുഴിയിലേക്ക് കടൽ

മുഴുവൻ ഒഴിക്കാൻ പോകുകയാണെന്ന് കുട്ടി പറഞ്ഞു. അളവറ്റ ദൈവത്തെ ബുദ്ധിയിൽ ഒതുക്കാൻ ശ്രമിച്ചതിലെ തെറ്റ് അപ്പോഴാണ് വി. അഗസ്റ്റിന് മനസ്സിലായത്.

## മരണകരമായ ഏത് പാപമാണ് യോഹന്നാൻ പരാമർശിക്കുന്നത്?

സഹോദരൻ മരണത്തിനല്ലാത്ത പാപം ചെയ്യുന്നത് ആരെങ്കിലും കണ്ടാൽ അപേക്ഷിക്കാം ദൈവം അവനു ജിവനെ കൊടുക്കും. മരണത്തിനല്ലാത്ത പാപം ചെയ്യുന്നവർക്കുതന്നെ. മരണത്തിനുള്ള പാപം ഉണ്ട്. അതിനെക്കുറിച്ച് അപേക്ഷിക്കണം എന്നു ഞാൻ പറയുന്നില്ല.

പാപത്തിന്റെ ശമ്പളം മരണമാണ് (റോമർ 6:23). ഏതൊരു പാപവും പൂർണമായി വളർച്ചയെത്തുമ്പോൾ മരണത്തിൽ കലാശിക്കുന്നു. (യാക്കോബ് 1:15). എന്നാൽ ആകസ്മിക പാപവും മനഃപൂർവ്വപാപവും തമ്മിലുള്ള വ്യത്യാസം വാക്യം ചൂണ്ടികാണിക്കുന്നു. പഴയ ഉടമ്പടി പ്രകാരം പുരോഹിതന് അറിവില്ലായ്മയുടെ പാപങ്ങൾക്കായി പാപയാഗം അർപ്പിക്കാം. അപ്പോൾ പാപിയോട് ക്ഷമിക്കപ്പെടും. എന്നാൽ ധൈര്യത്തോടെ പാപം ചെയ്യുന്നവൻ തള്ളപ്പെടും (സംഖ്യ15:27–31). ദൈവത്തിന്റെ പാപമോചനം പാപത്തിന്റെ സ്വഭാവത്തെ ആശ്രയിക്കുന്നില്ല, മറിച്ച് പാപിയുടെ സ്വഭാവത്തെ ആശ്രയിച്ചിരിക്കുന്നു. യേശുവിന്റെ രക്തത്താൽ കഴുകിക്കളയാൻ കഴിയാത്ത ഒരു പാപവുമില്ല (1 യോഹന്നാൻ 1:7). നിങ്ങളുടെ പാപങ്ങൾ എത്ര കടും ചുവപ്പാണെങ്കിലും ഹിമം പോലെ വെളുക്കും. രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെയായിത്തീരും. എന്നുള്ളതാണ് ദൈവത്തിന്റെ കാരുണ്യവാക്ക്. ഇതിൽ മാനസാന്തരപ്പെടുന്നതാണ് പ്രധാനകാര്യം (വാക്യം19:20).

കൊലപാതകമോ വ്യഭിചാരമോ അതുപോലുള്ള മറ്റെന്തെങ്കിലുമോ മരണയോഗ്യമായ പാപമല്ല. വിശ്വാസത്യാഗം മരണത്തിന് യോഗ്യമായ പാപമാണ്. കാരണം അത് ക്രിസ്തുവിലുള്ള അടിസ്ഥാന വിശ്വാസത്തെ

നിഷേധിക്കുന്നു. അപ്പോസ്തലനായ യോഹന്നാൻ മാരണകരമായ പാപത്തെക്കുറിച്ച് എഴുതുന്ന ഭാഗത്തിൽ, വിശ്വസ്തരായി തുടരാൻ അവൻ വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നു. വിഗ്രഹങ്ങളിൽ നിന്ന് അകന്നുനിൽക്കാനും ആലോചന പറയുന്നു. (1 യോഹന്നാൻ 5:13,21). ഒരു വിശ്വാസി തന്റെ വിശ്വാസം നിഷേധിക്കുമ്പോൾ, അവൻ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുകയും പരസ്യമായി അപമാനിക്കുകയും ചെയ്യുന്നു. (എബ്രാ 6:6). ഈ സാഹചര്യത്തിൽ ഒരാളെ മാനസാന്തരപ്പെടുത്തുന്നത് മനുഷ്യനെ കൊണ്ട് സാധിക്കാത്ത കാര്യം. നമുക്ക് പ്രാർത്ഥിക്കാം അദ്ദേഹം പ്രകാശിതനാകാൻ. എന്നാൽ അവന്റെ പാപമോചനത്തിനായി നമുക്ക് പ്രാർത്ഥിക്കാൻ കഴിയില്ല. പത്രോസ് ക്രിസ്തുവിനെ തള്ളിപ്പറയുക മാത്രമല്ല ചുണ്ടുകൾ കൊണ്ട് ശപിക്കുകയും ചെയ്തു. എന്നാൽ അദ്ദേഹം വിശ്വാസത്യാഗം ചെയ്തില്ല. അതിദുഃഖത്തോടെ കരഞ്ഞു പശ്ചാത്താപിച്ചപ്പോൾ ക്ഷമ കിട്ടി. തങ്ങളുടെ രോഗങ്ങൾക്കുവേണ്ടി മാത്രമല്ല, പാപങ്ങൾക്കുവേണ്ടിയുംഅന്യോന്യം പ്രാർത്ഥിക്കാൻ വിശുദ്ധ ഗ്രന്ഥം വിശ്വാസികളെ പഠിപ്പിക്കുന്നു. (യാക്കോബ് 5:15,16). അബ്രഹാം അബിമേക്കിനും ഇയ്യോബ് തന്റെ സുഹൃത്തുക്കൾക്കും വേണ്ടി പ്രാർത്ഥിച്ചപ്പോൾ ദൈവം അവരോട് ക്ഷമിച്ചു (ഉല്പത്തി 20:7,8). എന്നാൽ ജനങ്ങളുടെ പാപങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കരുതെന്ന് ദൈവം തന്റെ ദാസന്മാരോട് പറഞ്ഞ സന്ദർഭങ്ങളുണ്ട്. (യിരെ7:16,11:14). ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കുകയും പാപത്തിൽ വീഴുന്ന വിശ്വാസികളോട് ക്ഷമിക്കുകയും ചെയ്യുന്നു. എന്നാൽ നമ്മുടെ പ്രാർത്ഥനകൾ വിശ്വാസത്തെ പൂർണ്ണമായും നിരസിച്ചവരെ ചുറ്റിപ്പറ്റിയല്ല. അവർ വ്യക്തിപരമായി അനുതപിക്കുന്നില്ലെങ്കിൽ അവന് പ്രതീക്ഷയില്ല.

വിശ്വാസത്തെ നിരാകരിക്കുന്നതാണ് മാരകമായ പാപം എന്ന് ഉറപ്പായി പറയുന്നു. ഒരു ക്രിസ്ത്യാനി ഈ പാപം ചെയ്യുമ്പോൾ, അവൻ പൊതുവേ ദൈവജനത്തിന്റെ കൂട്ടായ്മയിൽ നിന്ന് സ്വയം വേർപെടുത്തുകയും അവരുമായി സഹവസിക്കുനനത് അവസാനിപ്പിക്കുകയും ചെയ്യുന്നു. അവൻ ദൈവപുത്രനെ അവന്റെ കാൽക്കീഴിൽ ചവിട്ടിമെതിക്കുകയും അവന്റെ രക്തം

അശുദ്ധമായി കണക്കാക്കുകയും കൃപയുടെ ആത്മാവിനെ അപമാനിക്കുകയും ചെയ്യുന്നു. (എബ്രാ. 10:23–29) പൗലോസ് ഒരിക്കൽ യേശുവിനെ ദുഷിക്കുന്നവനായിരുന്നു. എന്നാൽ സത്യത്തെക്കുറിച്ചുള്ള അറിവല്ലാത്ത അജ്ഞതയിൽ നിന്ന് അവൻ അങ്ങനെ ചെയ്തതിനാൽ ദൈവത്തിന്റെ കരുണ ലഭിച്ചു (1 തിമോ. 1:13).

പരിശുദ്ധാത്മാവിന് എതിരെയുള്ള ദൈവദൂഷണം പൊറുക്കാനാവാത്ത പാപമാണെന്ന് യേശു പറഞ്ഞു. എല്ലാ പാപങ്ങളുടെയും പാപമായ അവിശ്വാസത്തെക്കുറിച്ച് നമ്മെ ബോധ്യപ്പെടുത്താനും ക്രിസ്തുവിന്റെ കർതൃത്വത്തിലേക്ക് നമ്മെ കൊണ്ടുവരാനും കഴിയുന്ന ഏക ദൈവിക ശക്തി പരിശുദ്ധാത്മാവാണ് (1 യോഹന്നാൻ 16: 8,9; 1 കൊരി. 12:3). ഒരാൾ പരിശുദ്ധാത്മാവിനെ നിന്ദിച്ചാൽ, അവൻ ഇരിക്കുന്ന കൊമ്പ് അവൻ തന്നെ മുറിച്ചതുപോലെയാണ്.

നിങ്ങൾ ഒരിക്കൽ ഏറ്റുപറഞ്ഞ വിശ്വാസം നിങ്ങൾ നിരസിച്ചാൽ നിങ്ങളെതന്നെ ന്യായവിധിയിലേക്ക് കൊണ്ടുവരും. ദൈവത്തിങ്കലേക്കു മടങ്ങുക, ക്ഷമിക്കാൻ അവൻ കൃപയുള്ളവനാണ്. സത്യത്തിൽ നിന്ന് വ്യതിചലിക്കുന്നവരെ സഭ കൈ വിടരുത്. ഒരു പാപിയെ വിശ്വാസത്യാഗത്തിൽ നിന്ന് മാറ്റുന്നവൻ ഒരു ആത്മാവിനെ മരണത്തിൽ നിന്ന് രക്ഷിക്കുകയും അനേകം പാപങ്ങൾ മറയ്ക്കുകയും ചെയ്യുന്നുവെന്ന് അറിഞ്ഞുകൊണ്ട് അവരെ തിരികെ കൊണ്ടുവരാൻ സഭാംഗങ്ങൾ തങ്ങളാൽ കഴിയുന്നതെല്ലാം ചെയ്യണം (യാക്കോബ് 5:19,20).

## വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന വരങ്ങൾ ഒമ്പതോ പത്തൊൻപതോ?

ഇന്നത്തെ പഠിപ്പിക്കലുകളിലും പുസ്തകങ്ങളിലും ആത്മാവിന്റെ ഒമ്പത് വരങ്ങൾ എന്ന വാചകം ആവർത്തിച്ച് ഉപയോഗിക്കുന്നതിനാൽ, ആത്മാവിന്റെ വരങ്ങൾ ഒമ്പത് എന്നും അവയിലൊന്നെങ്കിലും ഇല്ലെങ്കിൽ താൻ വരമില്ലാത്തവനാണെന്നും ശരാശരി വിശ്വാസി കരുതുന്നു. എന്നാൽ റോമർ 12:1, കൊരിന്ത്യർ 12, എഫെസ്യർ 4:1, പത്രോസ് 4 എന്നീ അധ്യായങ്ങളിലെ വരങ്ങളുടെ പട്ടിക ശ്രദ്ധിച്ചു വായിച്ചാൽ ഈ പട്ടികകളെല്ലാം

മാതൃകകളാണെന്നും, പറഞ്ഞിരിക്കുന്ന എല്ലാവരങ്ങളും ഉദാഹരണങ്ങളാണെന്നും വ്യക്തമാകും. സമഗ്രമായ പട്ടികയൊന്നുമില്ല. എല്ലാം ഉദാഹരണങ്ങളാണ്. മഴവില്ലിന്റെ നിറങ്ങൾ പോലെ,വേദങ്ങളിൽ പരാമർശിച്ചിരിക്കുന്ന 9 വരങ്ങൾ പരസ്പരം ചേരുന്നതും ഇണക്കമുള്ളതുമാണ്.

ആവർത്തനങ്ങൾ മാറ്റി നിർത്തിയാൽ, പത്തൊൻപത് വരങ്ങൾ മുകളിലുള്ള നാല് അധ്യായങ്ങളുടെ പട്ടികയിൽ നിന്ന് തരംതിരിക്കാം. പ്രവചനം, പഠിപ്പിക്കൽ, ഉപദേശം, പങ്കുവയ്ക്കൽ, നേതൃത്വം, കരുണ, ജ്ഞാനം, അറിവ്, വിശ്വാസം, രോഗശാന്തി, അത്ഭുതങ്ങൾ, വിവേചനാധികാരം, ഭാഷകൾ, ഭാഷകളുടെ വ്യാഖ്യാനം, സഹായങ്ങൾ, ഭരണം, അപ്പോസ്തത്വം, സുവിശേഷീകരണം, ഇടയവേല പരിശുദ്ധാത്മാവ് തന്റെ വരങ്ങളായി ഇത്രമാത്രമോ കൊടുക്കാൻ കഴിയൂ എങ്കിൽ അവൻ പരമ സാധുവാണ്. ഇങ്ങനെ ചിന്തിക്കുന്നത് ഭയങ്കര തെറ്റാണ്. അതിനുപകരം നാം ചോദിക്കുന്നതിലും നിനക്കുന്നതിലും വളരെ കൂടുതൽ ചെയ്യാൻ കഴിയുന്നവൻ ആണ് അവൻ (എഫെ 3:20).

മറ്റ് പല വരങ്ങളും വേദപുസ്തകത്തിൽ അവിടെയും ഇവിടെയും പരാമർശിക്കപ്പെടുന്നു. എന്നാൽ അവയെ തിരിച്ചറിയുന്നതിൽ നാം പരാജയപ്പെടുന്നു. വിവാഹം കഴിക്കാതെ അവിവാഹിതനായി രിക്കുന്നതിന്റെ ഉദാഹരണം. പൗലോസ് ഇതിനെ ദൈവത്തിൽ നിന്നുള്ള വരം എന്ന് വിളിക്കുന്നു (1 കൊരി. 7:7). ആതിഥ്യമര്യാദയാണ് മറ്റൊരു വരം (1 പത്രോസ് 4:9,10). എല്ലാ വിശ്വാസികളും ആതിഥ്യമര്യാദയുള്ള വരായിക്കണം. ചിന്തിക്കാൻ പറ്റാത്തത്ര ആതിഥ്യമര്യാദയുള്ള കുറച്ചുപേരില്ലേ? അത് ഇന്ന് വളരെ ആവശ്യമുള്ള ഒരു പ്രത്യേക വരമാണ്. അപരിചിതരോട് കാണിക്കുന്ന സ്നേഹമാണ് ആതിഥ്യമര്യാദയുടെ സത്ത. ഇത് എളുപ്പമാണോ? അടുത്തത് യാചനയുടെ അനുഗ്രഹമാണ്. എല്ലാവരും പ്രാർത്ഥിക്കണം. എന്നാൽ എല്ലാവർക്കു യിരെമിയവെപ്പോലെ വിലപിക്കാനോ പൗലോസിനെ പ്പോലെ ദുഃഖിക്കാനോ കഴിയില്ല. (പ്രവൃത്തികൾ 3:48–50, റോമ. 9:1–3,10:1). **റീസ്**

**ഹോവെൽസിനും** ഹൈഡിനെപ്പോലെ പ്രാർത്ഥിക്കുന്ന ശക്തി ഉണ്ടായിരുന്നു. പരിശുദ്ധാത്മാവ് ഇന്ന് പാടാനും സംഗീതം ചെയ്യാനുമുള്ള ആത്മീയ വരം മഹത്ത്വത്തോടെ പുനഃസ്ഥാപിക്കുന്നു. (എഫേ 5:18–20). ഇത് ദാവീദിനു ലഭിച്ച വരമാകുന്നു. അതുപോലെ ഫാദർ ബെർഗ്മാന്റെ വരവും അതുതന്നെ (2 ശാമു. 23:1,2). കരകൗശലത്തൊഴിലാളിയിൽ വളരെ അഭിലക്ഷണീയമായ മറ്റൊരു വരമാണ് (പുറപ്പാട് 31:1–5:35:30–35). എഴുത്തിന്റെ വരദാനം ഇല്ലായിരുന്നാൽ നിരക്ഷരരായ ഇടയന്മാരും മത്സ്യത്തൊഴിലാളികളും വേദപുസ്തകത്തിൽ ലേഖനങ്ങൾ എഴുതാൻ സാധിക്കുമോ (2 പത്രോസ് 1:20,21) ഇങ്ങനെ വരങ്ങളുടെ പട്ടിക നീളുമ്പോൾ 9 വരം മാത്രമല്ല ധാരാളം വരങ്ങളുണ്ട് ഒരു ബക്കറ്റ് കടൽ വെള്ളം ഒഴിക്കാൻ ശ്രമിച്ച ബാലനെപ്പോലെ നമ്മൾ ആകരുത്.

ആത്മാവിന്റെ വരങ്ങളെ വിശദീകരിക്കാനുള്ള ഞങ്ങളുടെ ശ്രമം ഇസ്രായേലിന്റെ പരിശുദ്ധനെ പരിമിതപ്പെടുത്തിയിരിക്കുന്നു. വരം ലഭിച്ച ന്യൂനപക്ഷത്തെ വരമില്ലാത്ത ഭൂരിപക്ഷം വിശ്വാസികൾ കാണുമ്പോൾ അത്ഭുതപ്പെട്ടു നോക്കിക്കൊണ്ടിരിക്കും, പക്ഷെ പത്തൊമ്പതല്ല, തൊണ്ണൂറല്ല, അത് എണ്ണമറ്റതാണ്. നമ്മുടെ ഓരോരോരുത്തരുടെയും ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന വരങ്ങൾ തിരിച്ചറിയണം. സഭയുടെ സമാധാനത്തിനു വേണ്ടി ഭൂരിപക്ഷം പേരെ ഉത്സാഹിപ്പിച്ച് പ്രവർത്തിക്കുന്നവരാക്കാം. എങ്കിൽ മാത്രമേ സഭയ്ക്ക് ഇഹലോകത്ത് അതിന്റെ ഉത്തരവാദിത്വം നിറവേറ്റാൻ കഴിയൂ.


## ONLINE BANKING (NEFT)

**Name : M G E PUSHPARAJ**

**STATE BANK OF INDIA**

IFSC CODE - IFSC SBIN0001970 -10764116842 **A/C No: 10764116842**

SWIFT CODE - SBININBB300 **A/C No: 10764116842**

**CANARA BANK - SALEM** (SURAMANGALAM BRANCH)

IFSC CODE - IFSC CNRB0001219- 1219101013622. **A/C No: 1219101013622.**

SWIFT CODE - CNRB0001219 -1219101013622. **A/C No: 1219101013622.**

# ഞാൻ കർത്താവിനെ സ്തുതിക്കുന്നു

കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ നടന്ന കൺവെൻഷനുകളെല്ലാം തന്നെ വളരെ അനുഗ്രഹമായിരുന്നു. ദൈവത്തിനു സ്തുതി.

## തൂത്തുക്കുടി സിഎസ്ഐ ഡയോസിഡ്

**(ദുവിപുരം, സി എസ് ഐ ചർച്ച് കൺവെൻഷൻ)**

തൂത്തുക്കുടിയിലെ ദുവിപുരം സെന്റ് തോമസ് പള്ളിയിലെ യോഗങ്ങൾ വളരെ അനുഗ്രഹീതമായിരുന്നു. റവ. സി.എമിൽ സിംഗ് മികച്ച മീറ്റിംഗ് ക്രമീകരണങ്ങൾ നടത്തിയിരുന്നു. ദൈവത്തിന് മഹത്വം.

## തൂത്തുക്കുടി സിഎസ്ഐ ഡയോസിഡ് അച്ചന്മാരുടെ പ്രത്യേകയോഗം

കഴിഞ്ഞ കുറച്ച് വർഷങ്ങളായി തൂത്തുക്കുടിയിൽ ബിഷപ്പ് ഇല്ല. അച്ചന്മാരുടെ ശമ്പളം മുതൽ ഡയോസിസ് വിവിധ ശുശ്രൂഷാ ചുമതലകൾ വരെയുള്ള പ്രശ്നങ്ങൾ, ധാരാളമായ പ്രശ്നങ്ങൾ മുടങ്ങിക്കിടക്കുന്നു. അച്ചന്മാർ ശമ്പളം കിട്ടാത്തതു കൊണ്ടും വാഗ്ദാനം ചെയ്ത വർദ്ധന കിട്ടാത്തതുകൊണ്ടും ഡയോസിസ് ഓഫീസിനു മുമ്പിൽ സമരം ചെയ്യുന്നു. ഈ സഹചര്യത്തിൽ ഒരു കൂട്ടം അച്ചന്മാരിൽ ചിലരും സഭാ വിശ്വാസികളിൽ ചിലരും ചേർന്ന് തൂത്തുക്കുടി തിശയൻ വിളയ്ക്ക് സമീപം നായനൂർ സഭാഗ്രൗണ്ടിൽ ഒരു ദിവസം ഉപവസിച്ചു പ്രാർത്ഥിച്ചു. ഞാൻ അതിൽ പങ്കെടുത്ത് പ്രസംഗിച്ചു.

ഇതിൽ ദുഃഖിക്കേണ്ട വിഷയം എന്തെന്നാൽ ഭൂരിപക്ഷം അച്ചന്മാർക്ക് രക്ഷയുടെ അനുഭവമോ വർഷങ്ങളായി പ്രശ്നം അനുഭവിച്ചുകൊണ്ടിരിക്കുന്ന ഡയോസിസിനായി പ്രാർത്ഥിക്കാനുള്ള ഭാരമോ ഇല്ലാതിരിക്കുന്നതു ഞാൻ കണ്ടു. ആദ്യം അച്ചന്മാർ മാനസാന്തര അനുഭവത്തിലേക്ക് വരണം. സഭാജനങ്ങൾ മാനസാന്തപ്പെടാനും ഡയോസിസ് ഭരണ സമിതി അംഗങ്ങൾ മാനസാന്തപ്പെടാനും പ്രാർത്ഥിക്കണം. ഇങ്ങനെ ഒരു മാറ്റം സംഭവിച്ചാൽ തൂത്തുക്കുടി ഡയോസിസ് മാത്രമല്ല തെക്കേന്ത്യയിൽ ഉള്ള എല്ലാ സഭകളിലും

ഒരു വലിയ ഉണർവ്വുണ്ടാകാൻ സാധിക്കും. ഇല്ലെങ്കിൽ തിരുനെൽവേലി ഡയോസിസും കന്യാകുമാരി ഡയോസിസും നേരത്തേ അനുഭവിച്ചതുപോലെ കോടതി ഭരണ ചുമതല ഏറ്റെടുക്കും. അച്ചന്മാർ മാസം തോറും ഹൈന്ദവ വക്കീൽമാരുടെ കയ്യിൽ നിന്ന് ശമ്പളം വാങ്ങേണ്ടിവരും. ഈ പ്രശ്നങ്ങൾ കന്യാകുമാരി ഡയോസിസിൽ 6 മാസം നീണ്ടു പോയി, പിന്നെ ഇലക്ഷൻ തുടങ്ങി പുതിയ ഭരണസമിതിയും പുതിയ ബിഷപ്പിനെയും നിയമിച്ചു. കോടതി ഭരണം അവസാനിപ്പിച്ചു. ഇതു തന്നെ തിരുനെൽവേലി സിഎസ്ഐ ഡയോസിസിലും നടന്നു. കഴിഞ്ഞ ഒരു വർഷത്തിനു മുമ്പാണ് പുതിയ ഭരണ സമിതിയും ബിഷപ്പും തിരഞ്ഞെടുക്കപ്പെട്ടത്. കോടതി ബിഷപ്പിനും ഭരണസമിതിക്കും ചുമതല ഏല്പിച്ചു മടങ്ങിപ്പോയി. സൗത്ത് കേരളാ ഡയോസിസിലും ഇതേമാതിരി കോടതി നിയന്ത്രണത്തിൽ ഭരണം വാരാനിരുന്നതാണ്, എങ്ങനെയോ രക്ഷപ്പെട്ടു. അതുകൊണ്ട് ക്രിസ്തീയ തിരുസഭയെ ഗവൺമെന്റോ, കോടതിയോ ഹൈന്ദവ അധികാരികളോ ഭരിക്കാൻ ഇടവരാത്തവണ്ണം ഡയോസിസിൽ ഉള്ള അച്ചന്മാരും ഭരണസമിതി അംഗങ്ങളും ബിഷപ്പുമാരും സമാധാനത്തോടെ വിട്ടുവീഴ്ചയോടെ, വെട്ടിപ്പു നടത്താതെ ദൈവഭയത്തോടെ ഡയോസിസിനെ നടത്തിയാൽ ദൈവനാമം മഹത്വപ്പെടും. നമ്മുടെ കർത്താവ് ഡയോസുകളെ അനുഗ്രഹിക്കും.

## തൂത്തുക്കുടി ഡയോസിസ് സിഎസ്ഐ പ്രകാശപുരം സഭാകൺവെൻഷൻ

പ്രകാശപുരം കൺവെൻഷൻ വൻ വിജയമായി. റവ. ബി. ക്രോക്സ്ലി പ്രേംകുമാർ അവർകളും കമ്മിറ്റിയും ചേർന്ന് യോഗം മികച്ച രീതിയിൽ സംഘടിപ്പിച്ചു. നസ്രേത്ത് മുക്കുറ്റി ഓയങ്കുടി എന്നീ സ്ഥലങ്ങളിൽ നിന്നും സെവന്ത് ഡേ സഭയിൽ നിന്നും ജനങ്ങൾ യോഗത്തിൽ പങ്കെടുത്തു.

## തിരുനെൽവേലി സിഎസ്ഐ ഡയോസിസ് ഉക്രം കോട്ട സിഎസ്ഐ ചർച്ച്, കൺവെൻഷൻ

2023 മെയ് മാസത്തിൽ ഈ യോഗങ്ങൾ ആശീർവാദത്തോടെ നടന്നു. റവ. ആർ ജെബിസിംഗ് മീറ്റിംഗിനായി നല്ല ക്രമീകരണങ്ങൾ ചെയ്തു. ദൈവനാമം മഹത്വപ്പെടട്ടെ.

## സിഎംഎസ് സുധാംഗ ഹോളിടെമ്പിൽ കൺവെൻഷൻ

സായർ പുരത്തിനടുത്തുള്ള ശരക്തരു സിഎംഎസ് പള്ളി ഗ്രൗണ്ടിൽ വൻ ജനക്കൂട്ടം ക്രമീകരണം ചെയ്തിരുന്നു. റവ. സുരേഷ് എം.ഡീവ്, Mth അവർകൾ പല മാസങ്ങൾക്ക് മുൻപ് എന്റെ ഡേറ്റ് ചോദിച്ച് യോഗ ക്രമീകരണങ്ങൾ ചെയ്തിരുന്നു. തിരുനെൽവേലിയിൽ നിന്നുള്ള ചില കുടുംബങ്ങൾ യോഗങ്ങൾക്കായി കാറിൽ വന്നു പങ്കെടുത്തു കർത്താവിന്റെ നാമം മഹത്വപ്പെട്ടു. ദൈവത്തിനു സ്തുതി.

## മധുര-രാമനാഥപുരം സിഎസ്ഐ ഡയോസിസ് ശാന്തി നഗർ പാസ്റ്ററേറ്റ്

സി.എസ്.ഐ ശാന്തി നഗർ പാസ്റ്ററേറ്റിലെ 3 സി എസ് ഐ സഭകൾ മധുരയ്ക്ക് സമീപമുള്ള ശരന്തങ്കിയിലെ ഒരു വലിയ ഓഡിറ്റോറിയത്തിൽ വളരെ പ്രാർത്ഥനയോടെ ഒരു ദിവസത്തെ മീറ്റിംഗ് സംഘടിപ്പിച്ചു. അവിടെ ആളുകൾക്ക് പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും വൈകുന്നേരത്തെ ചായയും സംഘടിപ്പിക്കുകയും വളരെ നന്നായി നടത്തുകയും ചെയ്തു. ഞാൻ രണ്ടു ഭാഗങ്ങളായി പ്രസംഗിച്ചു.

യോഗം ഒരു ദിവസ പകൽ യോഗമായിരുന്നാലും സീനിയർ പാസ്റ്ററായ Rev. എ ദിലീപ് കുമാർ അവർകൾ കൂടുതൽ പണം ചിലവ് ചെയ്തു ഈ യോഗത്തെ വലിയ രീതിയിൽ നടത്തി ദൈവത്തിനു മഹത്വമുണ്ടാകട്ടെ.

## രണ്ടര വർഷത്തിന് ശേഷം ആദ്യ വിദേശ യോഗം

കൊറോണ രോഗത്തിൽ നിന്ന് സുഖം പ്രാപിച്ച് ഏകദേശം രണ്ടര വർഷമായി എവിടെയും പ്രസംഗിക്കാതിരുന്നതിന് ശേഷം കഴിഞ്ഞകുറച്ച് ദിവസങ്ങളിൽ തമിഴ്നാട്ടിൽ നിന്ന് ഇന്ത്യയിലെമ്പാടുമുള്ള 41 ഓളം കൺവെൻഷനുകളിൽ ഞാൻ പ്രസംഗിച്ചു. എന്നാൽ വിദേശത്ത് എനിക്ക് പല രാജ്യങ്ങളിൽ നിന്നും നിരവധി ക്ഷണങ്ങൾ ലഭിച്ചു. വിദേശ യാത്ര മാത്രം മാറ്റി വച്ചു.

## ഇപ്പോൾ രണ്ടരവർഷത്തിനു ശേഷം ആദ്യമായി അറബ് രാജ്യങ്ങളിലൊന്നായ മസ്കറ്റിലേക്ക്

2023 നവംബർ 20മുതൽ 28 വരെ ദൈവത്തിന്റെ സന്ദേശം നൽകുമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തു. പ്രാർത്ഥിക്കുക എനിക്ക് 83 വയസ്സ് ആയതിനാൽ വിമാനയാത്രയിലോ, വിദേശ രാജ്യത്തിലോ, ഒരു പ്രശ്നവുമില്ലാതെ, അവരുടെ ഹൃദയത്തിന് ആവശ്യമായ സന്ദേശം അവർക്ക് നൽകുകയും സുരക്ഷിതമായി ഇന്ത്യയിലേക്ക് മടങ്ങുകയും ചെയ്യാൻ എനിക്ക് വേണ്ടി പ്രാർത്ഥിക്കുക. ഗൾഫ് യോഗങ്ങളെക്കുറിച്ച് മറ്റു വിവരങ്ങൾ എന്നോടു തന്നെ ചോദിച്ചറിയണം.

**Contact No. 9894261333**

ഡോ. **പുഷ്പരാജ്**

**JUNE-2023**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.